പദ്ധതി പുനഃക്രമീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാരണത്താൽ യാതൊരു തുകയും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കോർപ്പറേഷന് നഷ്ടപ്പെട്ടിട്ടില്ല.

(എഫ്) പ്രസ്തുത പദ്ധതി പ്രകാരം 10000 കരകൗശല തൊഴിലാളികൾക്ക് 10000 രൂപയുടെ പണിയായുധങ്ങൾ സൗജന്യമായി നൽകാമെന്നിരിക്കെ, 2016-17 മുതൽ 2020-21 വരെ ഓരോ വർഷവും എത്ര കരകൗശല തൊഴിലാളികൾക്ക് പണിയായുധങ്ങൾ സൗജന്യമായി നൽകിയെന്ന് വ്യക്തമാക്കുമോ?

2016-17	-നൽകിയിട്ടില്ല
2017-18	- നൽകിയിട്ടില്ല
2018-19	- 557 തൊഴിലാളികൾക്ക്
2019-20	- 350 തൊഴിലാളികൾക്ക്
2020-21	- 35 തൊഴിലാളികൾക്ക്.

(ജി) പ്രസ്തുത പദ്ധതി പ്രകാരം എത്ര പൊതുസേവനകേന്ദ്രങ്ങൾ അനുവദിച്ചുവെന്നും, അവ ഏതൊക്കെ സ്ഥലങ്ങളിലാണെന്നും ഏതെല്ലാം പൊതുസേവനകേന്ദ്രങ്ങൾ ഉദ്ഘാടനം ചെയ്തുവെന്നും ഏതൊക്കെ പൊതുസേവനകേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുവെന്നും ഓരോ പൊതുസേവനകേന്ദ്രത്തിനും എത്ര തുക ചെലവഴിച്ചുവെന്നും, വ്യക്തമാക്കുമോ?

അഞ്ച് പൊതുസേവന കേന്ദ്രങ്ങൾ അനുവദിച്ചു. അതിൽ 2 എണ്ണം (കടവൂർ, കൊല്ലം - സ്റ്റാപിക്ചർ ക്രാഫ്റ്റ്, കുഞ്ഞിമംഗലം, കണ്ണൂർ - ബെൽമെറ്റൽ ക്രാഫ്റ്റ്) പ്രവർത്തനം ആരംഭിച്ചു. ഒരെണ്ണം (ചേർപ്പ്, തൃശ്ശൂർ - വുഡ് ക്രാഫ്റ്റ്) പണി പൂർത്തിയാക്കിയിട്ടുണ്ട്. അനുവദിച്ചത്-5, ചെലവാക്കിയ തുക-62,47,635 കുഞ്ഞിമംഗലം, കണ്ണൂർ- ബെൽമെറ്റൽ കൊല്ലം, കടവൂർ, സ്റ്റാപിക്ചർ പ്രവർത്തിക്കുന്നു, ചേർപ്പ്, തൃശ്ശൂർ നിർമ്മാണം അവസാന ഘട്ടത്തിലാണ്.

വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള പ്രത്യേക പാക്കേജ്

138 (1868) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന വ്യവസായ സഹകരണ സംഘങ്ങൾക്കായി എന്തെങ്കിലും പ്രത്യേക പാക്കേജുകൾ നടപ്പിലാക്കാൻ വകുപ്പ് ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വ്യവസായ സഹകരണ സംഘങ്ങൾക്കായി നിലവിൽ പ്രത്യേക പാക്കേജുകൾ നടപ്പിലാക്കിവരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം ജില്ലയിൽ എത്ര വ്യവസായ സഹകരണ സംഘങ്ങളാണ് നിലവിലുള്ളത്; ഇവയിൽ ലാഭകരമായി പ്രവർത്തിക്കുന്ന സംഘങ്ങളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ?

തിരുവനന്തപുരം ജില്ലയിൽ രജിസ്റ്റർ ചെയ്ത വ്യവസായ സഹകരണ സംഘങ്ങളുടെ എണ്ണം-368. ഇതിൽ 3 എണ്ണം ലാഭകരമായി പ്രവർത്തിക്കുന്നു.

(സി) പ്രവർത്തനം നിലച്ചതോ അടച്ചുപൂട്ടേണ്ടി വന്നതോ ആയ വ്യവസായ സഹകരണ സംഘങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ സഹായമാവശ്യപ്പെട്ട് സഹകരണ സംഘങ്ങൾ വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. വകുപ്പിന് അപേക്ഷ നൽകിയ സംഘങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം 1. കാർപ്പെന്ററി ആന്റ് ബ്ലാക്ക് സ്മിത്ത് വ്യവസായ സഹകരണ സംഘം ലി നമ്പർ എസ്.ഇൻഡ് കൃ.604 കൊല്ലം 1. കൊല്ലം ജില്ല എഞ്ചിനീയറിംഗ് ടെക്നീഷ്യൻസ് ഇൻസ്ട്രിയൽ (വർക്ക് ഷോപ്പ്) സഹകരണ സംഘം ലി. നമ്പർ എസ്.ഇൻഡ് കൃ.300 (കാറ്റ്കോസ്) എറണാകുളം 1.ഡ്രഗ്സ് ഫാർമസ്യൂട്ടിക്കൽസ് സഹകരണ സംഘം ലി. നമ്പർ എസ്. ഇൻഡ് (ഇ)101 (DAPCO) പാലക്കാട് 1.ചിറ്റൂർ മാറ്റ് വീവേർസ് വ്യവസായ സഹകരണ സംഘം ലി നമ്പർ 315 മലപ്പുറം 1.നിലമ്പൂർ കരകൗശല കൂടിൽ വ്യവസായ സഹകരണ സംഘം. ലി. നമ്പർ സി.ഇൻഡ് (ഡി)190 കാസർഗോഡ് 1.നീലേശ്വരം ബ്ലോക്ക് വനിത പെയിന്റ് നിർമ്മാണ വ്യവസായ സഹകരണ സംഘം ലി.നമ്പർ എസ്.ഇൻഡ് (എസ്)15 2.നീലേശ്വരം ജ്വല്ലറി ആന്റ് ഡൈ വർക്കേഴ്സ് സഹകരണ കോട്ടേജ് വ്യവസായ സംഘം സി.ഇൻഡ് (സി)41

സിഡ്കോ ട്യൂൾ റൂം ജീവനക്കാരുടെ തൊഴിൽ പ്രശ്നങ്ങൾ

139 (1869) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോ ട്യൂൾ റൂം ജീവനക്കാരുടെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ട്യൂൾ റൂം ജീവനക്കാരുടെ ഇൻക്രിമെന്റ് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ട്യൂൾറൂം ജീവനക്കാരുടെ നാളിതുവരെ തടഞ്ഞുവച്ച വാർഷിക ഇൻക്രിമെന്റ് സിഡ്കോ അനുവദിച്ചു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

&

LIBRARY ARCHIVES Kerala Legislative Assembly